LIBRARY ARCHIVES Kerala Legislative Assembly

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

227 (2055) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഭൂമിയിൽ നിന്നും മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ 13.0936 ഹെക്ടർ ഭൂമിയിൽ നിന്നും ഒരു ഹെക്ടർ ഭൂമി, പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സംസ്ഥാന ബഡ്ജറ്റിൽ ആഭ്യന്തര വകുപ്പിനായുള്ള പദ്ധതികൾ

228 (2056) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ആഭ്യന്തര വകുപ്പിനായി എന്തെല്ലാം പദ്ധതികൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഓരോ പദ്ധതിക്കുമായി ഓരോ ബഡ്ജറ്റിലും എത്ര തുക വീതം വകയിരുത്തിയിരുന്നു ; എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കുമോ ;

(സി) ഇവയിൽ അതതു വർഷം ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഇതുവരെയും ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളോ പ്രവർത്തനങ്ങളോ ഉണ്ടോ ; വ്യക്തമാക്കുമോ ;